**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **04-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം - ബാലരാമപുരം ഭൂഗർഭ റെയിൽപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തുറമുഖത്തെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പ്രത്യേകമായ പരിശോധനകളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ ഓപ്പറേഷൻ 11 ജൂലൈ 2024 ൽ തുടങ്ങുകയുണ്ടായി. പോർട്ടിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 3, ഡിസംബർ 2024 മുതൽ ആരംഭിക്കുകയും ചെയ്തു. പോർട്ടിൽ നിന്നും, പുറത്തേക്കും അകത്തേക്കുമുള്ള ചരക്ക് നീക്കത്തിനായി റോഡ്, റെയിൽ സംവിധാനങ്ങൾ ഒരുക്കുന്നതും പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. തുറമുഖത്തെ ചരക്ക് നീക്കം സുഗമമായി നടക്കുന്നതിന് പ്രത്യേക പഠനങ്ങളും വിലയിരുത്തലുകളും നടത്തിയാണ് പദ്ധതിക്ക് ആവശ്യമായ റോഡ്-റെയിൽ കണക്റ്റിവിറ്റി പദ്ധതികൾ ആവിഷ്കരിക്കുന്നത്.<br><br>പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ട ത്തിലാണ്. പോർട്ട് റോഡ് NH66 മായിട്ടുള്ള ഇന്റർസെക്ഷൻ സ്കീം NHAI യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽ പാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.43 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള ഭൂഗർഭ റെയിൽപാതയ്ക്ക് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഏറ്റവും അടുത്തുള്ള ദക്ഷിണ റെയിൽവെയുടെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുള്ള **DPR** തയ്യാറാക്കുന്നതിനായി വിവിധ ഏജൻസികളെ കൊണ്ട് പഠനം നടത്തുകയുണ്ടായി**.** തുറമുഖത്തെ ദക്ഷിണ |

| | | | |
|---|---|---|---|
| | തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ; | | റെയിൽവേയുമായി ബന്ധിപ്പിക്കുന്നതിനായി വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ വിലയിരുത്തുന്നതിനും, **DPR** തയ്യാറാക്കുന്നതിനു മായി **2018** ൽ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി **MoU** ഒപ്പുവയ്ക്കുകയും **2019** ൽ തുറമുഖത്തിനെ ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ പാതയുടെ **DPR** തയ്യാറാക്കി ദക്ഷിണ റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. |
| (സി) | ഡി.പി.ആർ.ന് ദക്ഷിണ റെയിൽവേയുടെ അനുമതിയും കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ DPR-ന് 16/03/2022 ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 ന കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റെയിൽപാതയുടെ നിർമ്മാണത്തിനായി ഏതെങ്കിലും കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്നും അത് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്നും വിശദമാക്കാമോ? | (ഡി) | പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണ ചുമതല MoU പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനാണ്. പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർമ്മാണത്തിനായി സുതാര്യ ടെൻഡർ മുഖാന്തിരം യോഗ്യരായ നിർമ്മാണ കമ്പനികളെ കണ്ടെത്തുന്നതാണ്. നിലവിൽ നിർമ്മാണ കമ്പനികളെ ഒന്നും തന്നെ തിരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ